**Week-4**

# Weekly Devotionals of April 2016

## The God Who Delivers from Evil

(അനർത്ഥങ്ങളിൽ നിന്ന് വിടുവിക്കുന്ന ദൈവം)



വിശ്വസിച്ച് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ച യബ്ബേസ് തന്റെ പ്രാർത്ഥന അവസാനിപ്പിക്കുന്നത് നമുക്കും അനുകരണീയമായ വിധത്തിലാണ്(1ദിന:4:10) "നിശ്ചയമായും അനർത്ഥം(Evil)എനിക്ക് വ്യസനകാരണമാകാതെ എന്നെ കാത്തു കൊള്ളേണമേ" എന്നാണ് അവൻ പ്രാർത്ഥിച്ച് നിർത്തിയത്.പാപത്തിൽ നിന്നുള്ള വിടുതൽ, പരിഹാസികളിൽ നിന്നുള്ള വിടുതൽ ഇവയെല്ലാം അവൻ ആത്മാർത്ഥമായി ആഗ്രഹിച്ചു. അശുദ്ധമായ സാഹചര്യങ്ങളെ ഉപേക്ഷിപ്പാൻ ദൈവത്തിലാശ്രയമുള്ളവർക്കേ സാധിക്കുകയുള്ളൂ. അവന്റെ അത്യന്തശക്തി നമ്മിലുള്ളിടത്തോളം കഷ്ടം, ഉപദ്രവം ഇവ സഹിക്കേണ്ടി വന്നാലും നാം ഭയപ്പെടേണ്ട കാര്യമില്ല.

മദ്യം, മയക്കുമരുന്ന്, പണത്തോടുള്ള ആർത്തി, നിഗളം ഇവ എല്ലാം നമ്മെ അനർത്ഥങ്ങളിലേക്ക് വഴി നടത്തുന്നു. ഇവയ്ക്കെതിരായി ബോധവൽക്കരണം നടത്തിയാലും അനുസരിക്കുന്നവരും വളരെ വിരളമാണ്. ഏത് ദുഷ്പ്രവർത്തിയും ഒഴിവാക്കുവാൻ അവരവർ തന്നെ ആഗ്രഹിച്ച്, പ്രാർത്ഥിച്ചേ മതിയാകുകയുള്ളൂ. പ്രാർത്ഥിക്കുന്ന ദൈവപൈതലിനെ തന്റെ കൂടാരത്തിലൊളിപ്പിച്ച് അനർത്ഥത്തിൽ നിന്ന് വിടുവിക്കുന്നവനാണ് സർവ്വശക്തനായ ദൈവം.

വേദപുസ്തകത്തിലുടനീളം നോക്കിയാൽ ദൈവകല്പനകളനുസരിച്ച് അവനോട് ചേർന്നു നടന്ന ആരും അനുഗ്രഹിക്കപ്പെടാതെ പോയിട്ടില്ല. ദൈവം അവരെ എല്ലാം ഐശ്വര്യമായി അനുഗ്രഹിച്ചു. ദൈവത്തോടുകൂടെ പുറപ്പെടുവാൻ വിളിച്ചപ്പോൾ മോശയോ, യോസഫോ, ദാവീദോ, പൗലോസോ, പത്രോസോ ആരും തന്നെ, സഹോദരങ്ങളെക്കാൾ മാന്യ

രാകും എന്ന് കരുതിയില്ല. പഴി, ദുഷി, നിന്ദ, പരിഹാസം, കഠിനമായ പീഢകൾ എല്ലാം ഒന്നിനു പിറകേ ഒന്നായി വന്നപ്പോൾ അവർ സകലതും സഹിച്ചു.പലതും നഷ്ടമാകുന്ന സാഹചര്യം ഉണ്ടായി. പ്രീയരെന്ന് കരുതിയവർ കൈവിട്ടു, എന്നാൽ സകല പ്രതികൂലങ്ങളിലും കൈവിടാതെ കൂടെയിരുന്നാശ്വസിപ്പിച്ച ദൈവത്തെ ഇവർ ഉപേക്ഷിക്കുകയല്ല മുറുകെ പിടിക്കുകയാണ് ചെയ്തത്.

ദാവീദ് രാജാവിന് ആടു മേയിച്ച ഒരു കാലമുണ്ടായിരുന്നു. കാട്ടിൽ കഴിയുമ്പോഴും അദ്ദേഹം ആശ്വസിച്ചത് അപ്പനും അമ്മയും എന്നെ തള്ളിക്കളഞ്ഞു എങ്കിലും യഹോവ എന്നെ ചേർത്തുകൊണ്ടു എന്നാണ്. ഗോല്യാത്ത് എന്ന ഫെലിസ്ത്യമല്ലൻ പരിഹസിച്ചപ്പോൾ, സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ വരുന്നു, യിസ്രായേലിൽ ഒരു ദൈവമുണ്ടെന്ന് സർവ്വഭൂമിയും അറിയുമെന്ന് പറഞ്ഞു. പെട്ടകത്തിന്റെ മുമ്പിൽ നൃത്തം ചെയ്തതിന് ഭാര്യ പരിഹസിച്ചപ്പോഴും അർഹിക്കാത്ത സ്ഥാനത്തേക്ക് എന്നെ തിരഞ്ഞെടുത്ത യഹോവയുടെ മുമ്പാകെ ഞാൻ ഇനിയും നൃത്തം ചെയ്യും എന്ന് പറഞ്ഞവനെ, യഹോവ മാനിച്ചു. യബ്ബേസ് മാന്യനായത് എങ്ങനെ? കേവലം പ്രാർത്ഥന മാത്രമോ ? അതേ വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന കേട്ടിട്ടാണ് ദൈവം പ്രവർത്തിച്ചത്. നടക്കുമോ എന്ന സംശയത്തോടെ പ്രാർത്ഥിക്കാതെ നടക്കും എന്ന വിശ്വാസത്തിൽ പ്രാർത്ഥിക്കുക. പ്രാർത്ഥന ഏറ്റവും അർത്ഥപൂർണ്ണമാകുന്നത് ദാനങ്ങൾക്കുവേണ്ടി യാചിക്കുമ്പോഴല്ല; ദാതാവിന്റെ സ്നേഹവും, സഹവാസവും ആഗ്രഹിക്കുമ്പോഴാണ്. അതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ.




## പ്രാർത്ഥന

പ്രീയ യേശുവേ ! എന്നെ മാനിക്കുന്നവരെ ഞാനും മാനിക്കും എന്ന് വാഗ്ദത്തം ചെയ്ത അവിടുന്ന് യബ്ബേസിന്റെ ജീവിതത്തിൽ കൂടി ഞങ്ങളെ അത് പഠിപ്പിച്ചതിനായി സ്തോത്രം. പാപത്തിലും, പാപകാരണ മായ വഴികളിലും ചെല്ലാതെ അങ്ങയുടെ കരം പിടിച്ച് നീതിയുടെ വഴി യിൽ നടക്കുവാൻ ഞങ്ങളെ അഭ്യസിപ്പിക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind